**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **23-02-2026 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തിന്റെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കൊല്ലം തുറമുഖത്തിന് വിദേശ കപ്പലുകൾ അടക്കം അടുപ്പിക്കുവാൻ ആവശ്യമായ കസ്റ്റംസ് ഇമ്മിഗ്രേഷൻ സർട്ടിഫിക്കേഷൻ ലഭ്യമാക്കിയി ട്ടുണ്ട്. നിലവിലുള്ള വാർഫിന് പുറമെ ഒരു വാർഫ് കൂടി നിർമിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സാഗരമാല പദ്ധതിയിൽ 50% ധന സഹായം നേടി അധികമായി ഒരു വാർഫ് കൂടി നിർമിക്കുവാനും കപ്പൽ ചാനലിന്റെ ആഴം കൂട്ടുവാനുമുള്ള പദ്ധതി നിലവിലുണ്ട്. ആയതിനായുള്ള പരിസ്ഥിതി ആഘാത പഠനം നടന്ന് വരുന്നു. ഇതോടൊപ്പം കൊല്ലം തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ പി പി പി മാതൃക യിൽ വികസിപ്പിക്കുവാനുള്ള നടപടികളുമായി മുന്നോട്ട് പോകുവാൻ മാരിടൈം ബോർഡിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കൊല്ലം തുറമുഖത്ത് നിന്ന് ഫലപ്രദമായി യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഇല്ല. |

സെക്ഷൻ ഓഫീസർ